(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50,000-ൽ കൂടുതൽ ജനസംഖ്യയുള്ളതും 30 ച.കി. മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ പഞ്ചായത്തുകളെയാണ് വിഭജിക്കുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. പള്ളിക്കൽ പഞ്ചായത്ത് മേൽപ്പറഞ്ഞ മാനദണ്ഡത്തിൽ ഉൾപ്പെടാത്തതിനാൽ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

തിരുവനന്തപുരം സിറ്റിയിലെ കേബിൾ ടി. വി. ഓപ്പറേറ്റർമാർ

106 [T 3803] *പ്രൊഫ.കെ. വി. തോമസ് :*
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. മോഹൻകുമാർ :
,, എം. മുരളി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കേബിൾ ടി. വി. ഓപ്പറേറ്റർമാരുണ്ട്;

(ബി) തിരുവനന്തപുരം സിറ്റിയിലെ ഏതെല്ലാം ഭാഗത്ത് കേബിൾ ടി. വി. ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നുണ്ട് എന്നും ഇവർ ആരെല്ലാമാണ് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം നഗരത്തിൽ ഏതാണ്ട് എല്ലാ ഭാഗത്തും കേബിൾ ടി. വി. ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഇവർക്ക് ലൈസൻസ് ആവശ്യമില്ലാത്തതിനാൽ വ്യക്തമായ കണക്കുകൾ ഇപ്പോൾ നഗരസഭയിൽ ലഭ്യമല്ല. അതിനാൽ ഈ വിവരവും ശേഖരിച്ചുവരുന്നു.

കൊല്ലം നഗരസഭയുടെ വികസന പദ്ധതികൾ

107 [3804] *ശ്രീ. പ്രതാപവർമ്മ തമ്പാൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം നഗരം ഒരു മുനിസിപ്പൽ കോർപ്പറേഷനായി ഉയർത്തിയിട്ടെത്ര കാലമായി;

(ബി) നഗരവാസികൾക്ക് മുഴുവൻപേർക്കും സൗജന്യ ഇൻഷ്വറൻസ്, രാമൻ കുളങ്ങരയിൽ ലോ കോളേജ് സ്ഥാപിക്കൽ, ടൗൺഹാളിനുമുന്നിൽ സി. കേശവന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കൽ, ചിന്നക്കടയിൽ ഓപ്പൺ എയർ തീയേറ്റർ, ഭൂഗർഭ പാത, യാത്രീനിവാസ് നിർമ്മാണം എന്നിവ പ്രസ്തുത കോർപ്പറേഷന്റെ ഏതെല്ലാം വർഷത്തെ ബഡ്ജറ്റുകളിൽ ചേർക്കുകയും വീണ്ടും പുതുക്കി ചേർക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പണിയിപ്പോൾ ഏതു ഘട്ടത്തിൽ നിൽക്കുന്നു?

ഉത്തരം

(എ) 1-10-2000-ൽ ആണ് കൊല്ലം മുനിസിപ്പാലിറ്റി ഒരു മുനിസിപ്പൽ കോർപ്പറേഷനായി ഉയർത്തിയത്.

(ബി) സി. കേശവൻ പ്രതിമാനിർമ്മാണവും, രാമൻകുളങ്ങരയിൽ ലോ കോളേജ് നിർമ്മാണവും 2001-2002 മുതൽ നാളിതുവരെയുള്ള എല്ലാ ബഡ്ജറ്റുകളിലും വകയിരുത്തിയിട്ടുണ്ട്. ഓപ്പൺ എയർ തീയേറ്റർ 2003-2004 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൗജന്യ ഇൻഷ്വറൻസും, ഓപ്പൺ എയർ തീയേറ്റർ നിർമ്മാണവും 2002-2003-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഭൂഗർഭപാത 2001-2002-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) ടൗൺ ഹാളിനുമുന്നിൽ സി. കേശവന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്ന പ്രോജക്ടിന് ടെന്റർ ക്ഷണിച്ചു. 6 ലക്ഷം രൂപ തനതു ഫണ്ടിൽ ഉൾപ്പെടുത്തി ഈ പണി ചെയ്യിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. മറ്റു പ്രവർത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്ത് സെക്രട്ടറിയുടെ ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ നടപടി

108 [3805] *ശ്രീ. വർക്കല കഹാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പഞ്ചായത്ത് സെക്രട്ടറി ലിസ്റ്റിൽ നിന്നും 3:2 അനുപാതം പാലിച്ചാണോ നേരിട്ടുള്ള നിയമനം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് തിരഞ്ഞെടുപ്പിനു മുൻപ് മുഴുവൻ സെക്രട്ടറി തസ്തികകളിലും നിയമനം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly